# അധിനിവേശം

കെ ആർ നാരായണൻ നമ്പൂതിരി

അധിനിവേശത്തിന്റെ വേരിളക്കി,

അഹങ്കാരത്തിന്റഴക്ക് പറ്റി
അഴക്കിന്റൊഴക്കു നിലയ്ക്കുമിപ്പോൾ,
ആറടി മണ്ണിലൊലിച്ചിറങ്ങും.
കാലപ്രവാഹത്തിലുരഞ്ഞുരുണ്ട,
അധിനിവേശത്തിന്ന് പുത്തൻമുഖം
വശ്യമനോജ്ഞമാം സ്മിതഹാസത്തിൽ
വജ്ജ്രനഖദംഷ്ട്രായുധങ്ങൾ!
വേദനിപ്പിക്കാതെ കാതുകുത്തുംപോലെ,
നാമറിയാതെ നമ്മെ ഭരിക്കും,
നമ്മൾതൻ ഉൺമയെ, നന്മയെ,
നീതിയെ, സ്വപ്നമോഹങ്ങളേ,
പത്മവ്യൂഹത്താൽ ബന്ധിച്ചിട്ടും മുൻപ്
കൺതുറന്നീടുക കാണുക .
പാരതന്ത്ര്യത്തിന്റെ ബന്ധനം ഭേദിച്ച്,
സ്വാതന്ത്ര്യവീഥിയിൽ സഹചരിച്ചീടുക.

Website: http://karanattu.wordpress.com
© K R Narayanan Namboothiri
Licensed under:
Creative Commons Attribution-Noncommercial-No Derivative Works 2.5 India License.